©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 14<br>Vol. XIV | തിരുവനന്തപുരം, ശനി<br>Thiruvananthapuram, Saturday | 2025 ആഗസ്റ്റ് 30<br>30th August 2025<br>1201 ചിങ്ങം 14<br>14th Chingam 1201<br>1947 ഭാദ്രം 8<br>8th Bhadra 1947 | നമ്പർ<br>No. 3126 |

കേരള സർക്കാർ

**വ്യവസായ (ജെ) വകുപ്പ്**

വിജ്ഞാപനം

**സ.ഉ.(അച്ചടി) നമ്പർ.50/2025/ID**

*തിരുവനന്തപുരം, 2025 ആഗസ്റ്റ് 21.*
*1201 ചിങ്ങം 5*
*1947 ശ്രാവണം 30.*

**എസ്. ആർ. ഒ. നമ്പർ 986/2025**

2019– ലെ കേരള സൂക്ഷ്മ ചെറുകിട – ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിന്റെ (2019–ലെ 16) 6 എ വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട്, കേരള സർക്കാർ, ഇതിനാൽ, സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ ആവശ്യമായ വിവിധതരം

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

അംഗീകാരങ്ങൾ ലഭിക്കുന്നതിനാവശ്യമായ അപേക്ഷകൾ സമയബന്ധിതമായി തീർപ്പുകല്പിക്കുന്നതിന്റെ ആവശ്യത്തിലേക്കായി, പട്ടികയിൽ പരാമർശിച്ചിരിക്കുന്ന താഴെപ്പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് 'നിക്ഷേപം സുഗമമാക്കൽ ബ്യൂറോ', എന്ന പേരിൽ ഒരു ബ്യൂറോ രൂപീകരിക്കുന്നു. അതായത്.–

പട്ടിക

(എ) വ്യവസായ വകുപ്പിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി;

(ബി) ഡയറക്ടർ ജനറൽ, ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ്;

(സി) മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ;

(ഡി) ചീഫ് ടൗൺ പ്ലാനർ;

(ഇ) ലേബർ കമ്മീഷണർ;

(എഫ്) ഡയറക്ടർ, ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് വകുപ്പ്;

(ജി) ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ;

(എച്ച്) അഡീഷണൽ ഡയറക്ടർ, ഹെൽത്ത് സർവ്വീസസ്,

(ഐ) ഡയറക്ടർ, നഗരകാര്യ ഡയറക്ടറേറ്റ്;

(ജെ) ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്;

(കെ) വ്യവസായ വാണിജ്യ ഡയറക്ടർ;

(എൽ) ചെയർമാൻ നാമനിർദ്ദേശം ചെയ്യുന്ന വകുപ്പിന്റെ സെക്രട്ടറി അല്ലെങ്കിൽ ഡയറക്ടർ

പ്രസ്തുത ആക്റ്റിന്റെ 6 എ വകുപ്പ് (3)–ാം ഉപവകുപ്പ പ്രകാരം, വ്യവസായ വകുപ്പിലെ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കലിന്റെ ചുമതലയുള്ള സെക്രട്ടറി ബ്യൂറോയുടെ ചെയർമാൻ ആയിരിക്കുന്നതും കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ, കൺവീനറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ആയിരിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ പി എം മുഹമ്മദ് ഹനീഷ്

*പ്രിൻസിപ്പൽ സെക്രട്ടറി.*

**വിശദീകരണക്കുറിപ്പ്**

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വെളിപ്പെടുത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്)

2019–ലെ കേരള സൂക്ഷ്മ ചെറുകിട – ഇടത്തരം വ്യവസായ സ്ഥാപനങ്ങളും ഇതര വ്യവസായ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനങ്ങളും സുഗമമാക്കൽ ആക്റ്റിന്റെ (2019-ലെ 16) 6 എ വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം, സംസ്ഥാനത്ത് ഇതര വ്യവസായ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന്, സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ ആവശ്യമായ വിവിധതരം അംഗീ കാരങ്ങൾ ലഭിക്കുന്നതിനാവശ്യമായ അപേക്ഷകൾ സമയബന്ധിതമായി തീർപ്പ കൽപ്പിക്കുന്നതിന് സർക്കാർ, വിജ്ഞാപനം വഴി, 'നിക്ഷേപം സുഗമമാക്കൽ ബ്യൂറോ' എന്ന പേരിൽ ഒരു ബ്യൂറോ രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. അതനുസരിച്ച് പ്രസ്തുത ആവശ്യത്തിലേക്കായി നിക്ഷേപം സുഗമമാക്കൽ ബ്യൂറോ രൂപികരിക്കാൻ സർക്കാർ തീരുമാനിച്ചു. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു 50 കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/